**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 626** **13-01-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വകുപ്പ് മുഖേന കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി .കെ .ശശീന്ദ്രൻ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം വൈദ്യുതി വകുപ്പ് മുഖേന കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ഇതിനായി എത്ര രൂപ വിനിയോഗിച്ചു; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൽപ്പറ്റ മണ്ഡലത്തിൽ ബോർഡിന്റെ തനതു ഫണ്ട്, സമ്പൂർണവൈദ്യുതീകരണ പദ്ധതി, MLA SDF, കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS, എന്നിവയിലുൾപ്പെടുത്തി 78.81 കി. മീ 11 കെ.വി ലൈനും 15.21 കി.മീ. UG cable ഉം നിർമിക്കുകയും, 197.6 കി.മീ. എൽ.റ്റി. ലൈൻ വലിയ്ക്കുകയും 62 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 18615 പുതിയ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ എത്ര പേർക്ക് വൈദ്യുത കണക്ഷൻ നൽകി; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ ആകെ 19951 വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് കൽപ്പറ്റ മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ നൽകി; | (സി) | ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ മണ്ഡലത്തിൽ ഇതുവരെ ആകെ 18615 വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ വന്നതിനുശേഷം വൈദ്യുതി കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | കേരള സംസ്ഥാന ഗവൺമെന്റ് 2003 ഇലക്ട്രിസിറ്റി ആക്റ്റിലെ സെക്ഷൻ 108 പ്രകാരം സംസ്ഥാനത്തെ കൺസ്യൂമേഴ്സിന് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാ ക്കുന്നതിന്, 2014ലെ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് ഭേദഗതി ചെയ്യണമെന്ന് 2016 സെപ്റ്റംബർ 20 ന് ഗവൺമെന്റ് കമ്മീഷനു നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ച് 2014 ലെ കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് ഭേദഗതി ചെയ്തുകൊണ്ട് കമ്മീഷൻ 2016 ഒക്ടോബർ 26നു വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ടി ഭേദഗതി പ്രകാരം വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള അപേക്ഷാഫോറവും, ഫീസും ഓൺലൈനായി സമർപ്പിക്കുന്നതിനും, ഉപഭോക്താവിന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് എടുക്കുന്ന നടപടികളുടെ |

| | | | |
|---|---|---|---|
| | | | പുരോഗതി ഓൺലൈനായി വിലയിരുത്തുന്നതിനും, വിതരണലൈസൻസി നടപടി എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് വൈദ്യുത കണക്ഷൻ നല്കുന്നതുമായി ബന്ധപ്പെട്ട് നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം ലളിതമാക്കുകയും, സാധാരണഗതി യിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നല്കാൻ വേണ്ട വിധത്തിൽ റെഗുലേറ്ററി കമ്മിഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്. ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്ക റ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നല്കുന്നതിനും അനുമതി നല്കിയിട്ടുണ്ട്. ഇത് കൂടാതെ 02.11.2018- ലെ ബോർഡ് ഉത്തരവ് പ്രകാരം ആരാധനാലയങ്ങൾ, രാഷ്ട്രീയ പാർട്ടി ഓഫീസുകൾ, ലൈബ്ര റികൾ, കലാ സാംസ്കാരിക സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അംഗൻവാടികൾ, ഹോർട്ടി കോർപ്പുകൾ, മിൽമ ബൂത്തുകൾ എന്നിവയ്ക്ക് സർവീസ് കണക്ഷൻ ലഭ്യമാക്കു ന്നതിനുള്ള നടപടി ക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുകയും, തറവാട്ടു വീടുകളിൽ താമസിക്കുന്ന വെവ്വേറെ കുടുംബങ്ങൾക്ക് പ്രത്യേകം സർവീസ് കണക്ഷൻ നല്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്. കൂടാതെ 13.03.2020, 05.11.2020 ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഉത്തരവ് പ്രകാരം കാർഷിക കണക്ഷനുകൾ നല്കുന്നതിനുള്ള കൃഷി ആവശ്യത്തിന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധി ഒഴിവാക്കുകയും, കൃഷി ഓഫീസറുടെ/ മൃഗ സംരക്ഷണ വകുപ്പിലെ ബന്ധപ്പെട്ട അധികാരിയുടെ സക്ഷ്യപത്രം എന്നിവ ഒഴിവാക്കുകയും, തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നല്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്. |
| (ഇ) | കൽപ്പറ്റ മണ്ഡലത്തിൽ വിവിധ റോഡു പ്രവൃത്തികളുടെ ഭാഗമായുള്ള യൂട്ടിലിറ്റി ഷിഫ്റ്റിംഗ് | (ഇ) | കൽപ്പറ്റ മണ്ഡലത്തിൽ വിവിധ റോഡ് പ്രവൃത്തികളുടെ ഭാഗമായുള്ള യൂട്ടിലിറ്റി ഷിഫ്റ്റിംഗ് |

| | | | |
|---|---|---|---|
| | പൂർത്തീകരിച്ചുവോ; ഇല്ലെങ്കിൽ ഉടൻ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | പ്രവൃത്തികളുടെ തൽസ്ഥിതി ചുവടെ ചേർത്തിരിക്കുന്നു. മേപ്പാടി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ പള്ളികവല മുതൽ ഇയ്യമ്പാറ വരെയും, മേപ്പാടി മുതൽ ചൂരലമല വരെയും, വൈത്തിരി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ പൊഴുതന മുതൽ അത്തിമൂല വരെയും, കമ്പലക്കാട് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ പച്ചിലക്കാട് മുതൽ വരധൂർ റോഡ് വരെയുള്ള യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മേപ്പാടി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ കശ്മീർ മുതൽ ഗവ. പോളി വരെയും, കുപ്പടച്ചി മുതൽ കെ ബി റോഡ് വരെയും, ചൂരൽമല മുതൽ നീലികാപ്പ് വരെയും കൽപ്പറ്റ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ കൽപ്പറ്റ വരമ്പെറ്റ റോഡിലെയും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ